# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 3792** **19.03.2018-ൽ മറുപടിക്ക്**

**ഹൈടെക് ക്ലാസ് മുറികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| | **ശ്രീ.സി.ദിവാകരൻ** | പ്രൊഫ: സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാനുള്ളവ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കമോ; | എ) 2018 ജൂൺ 1 ന മുൻപ് ഈ ക്ലാസ് മുറികളിലേയ്ക്ക് ഐ.സി.ടി. ഉപകരണ വിതരണം പൂർത്തിയാക്കത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. |
| ബി) | സംസ്ഥാനത്ത് മുഴുവൻ ക്ലാസ് മുറികളിലും ഹൈടെക് സംവിധാനങ്ങൾ ഏർപ്പെടുത്തിയ എത്ര സ്കൂളുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | ബി) സംസ്ഥാനത്തെ **4775** സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി - വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളാണ് ഇപ്പോൾ ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ടി സ്കൂളുകളിൽ **1574** സ്കൂളുകളിലെ മുഴുവൻ ക്ലാസ് മുറികളും ഹൈടെക് ആക്കുന്നതിനുള്ള ഉപകരണ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സി) ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ?

ഡി) ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ?

സി) യും ഡി) യും ഓരോ ക്ലാസ്സിലേയ്ക്കും ലാപ് ടോപ്പ് കമ്പ്യൂട്ടർ, സീലിങ്ങിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷൻ സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻഡ് ഇൻറർനെറ്റ് തുടങ്ങിയ സൗകര്യങ്ങളും സ്കൂളിന് പൊതുവായി കമ്പ്യൂട്ടർ ലാബ്, ടി.വി., മൾട്ടി ഫങ്ഷൻ പ്രിൻറർ, ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ് സംവിധാനം, ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠന വിഭവങ്ങൾ ലഭ്യമാക്കുന്നതിന് 'സമഗ്ര' വിഭവ പോർട്ടൽ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലനം, തുടങ്ങിയവയാണ് ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്നത്.

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി എല്ലാ ക്ലാസ് മുറികളിലേക്കും ഉപകരണ വിതരണം പൂർത്തിയാക്കിയ സ്കൂളുകൾ

| ക്രമ നം. | ജില്ല | സ്കൂളുകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 80 |
| 2. | കൊല്ലം | 98 |
| 3. | പത്തനംതിട്ട | 85 |
| 4. | ആലപ്പുഴ | 142 |
| 5. | കോട്ടയം | 160 |
| 6. | ഇടുക്കി | 139 |
| 7. | എറണാകുളം | 186 |
| 8. | തൃശ്ശൂർ | 135 |
| 9. | പാലക്കാട് | 87 |
| 10. | മലപ്പുറം | 102 |
| 11. | കോഴിക്കോട് | 144 |
| 12. | വയനാട് | 49 |
| 13. | കണ്ണൂർ | 93 |
| 14. | കാസറഗോഡ് | 74 |
| ആകെ | | **1574** |

Dup /50